ഹയർസെക്കന്ററി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം.

മ്പർ ഇ.എക്സ് IV/സി.എസ്/24881/എച്ച്.എസ്.ഇ/**2009** തീയതി **: 16/01/2010**

# <u>സർക്കുലർ</u>

2010 മാർച്ചിലെ ഒന്നും രണ്ടും വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ സ്കൂൾ തിരിച്ചുള്ള അന്തിമ നോമിനൽ റോൾ ഹയർ സെക്കന്ററി പോർട്ടലിൽ ലഭ്യമാണ്. ചില സാങ്കേതിക കാരണങ്ങളാൽ ഒന്നാം വർഷ വിദ്യാർത്ഥികളുടെ മുൻ പ്രസിദ്ധീകരിച്ച ലിസ്റ്റിലുള്ള രജിസ്റ്റർ നമ്പരുകളിൽ മാറ്റം വരുത്തിയിട്ടുണ്ട്. എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും അവരവരുടെ സ്കൂളിലെ വിദ്യാർത്ഥികളുടെ നോമിനൽ റോൾ ഡൗൺ ലോഡ് ചെയ്ത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. നോമിനൽ റോളിൽ തിരുത്തലുകൾ ആവശ്യമുള്ള പക്ഷം താഴെപ്പറയുന്ന രീതിയിൽ പരിഹരിക്കാവുന്നതാണ്.

<u>ഒന്നാം വർഷം</u>

ഒന്നാം വർഷ റഗുലർ വിദ്യാർത്ഥികളുടെ നോമിനൽ റോളിൽ ഏതെങ്കിലും വിദ്യാർത്ഥിയുടെ പേര് വിട്ടുപോയിട്ടുണ്ടെങ്കിൽ അക്കാര്യം 'കോർഡിനേറ്റർ', ICT സെൽ, IT @ School, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ 27-01-2010നു മുമ്പായി നേരിട്ട് അറിയിക്കേണ്ടതാണ്. ഇതിനുള്ള അപേക്ഷകൾ പരീക്ഷാവിഭാഗം നേരിട്ട് പരിഗണിക്കുന്നതല്ല.

രണ്ടാം ഭാഷ, ജനനത്തീയതി എന്നിവയിൽ തിരുത്തലുകൾ ആവശ്യമുള്ള പക്ഷം പരീക്ഷാവിഭാഗം ജോയിന്റ് ഡയറക്ടറെ ബന്ധപ്പെട്ട അനുബന്ധരേഖകളുടെ പകർപ്പുകൾ സഹിതം 30-01-2010 ന് മുമ്പായി അറിയിക്കേണ്ടതാണ്. യാതൊരു കാരണവശാലും പാർട്ട്-3 വിഷയങ്ങളിൽ തിരുത്തലുകൾ അനുവദിക്കുന്നതല്ല.

<u>രണ്ടാം വർഷം</u>

രണ്ടാം വർഷ വിദ്യാർത്ഥികളുടെ നോമിനൽ റോളിൽ തിരുത്തലുകൾ/കൂട്ടിച്ചേർക്കൽ ആവശ്യമുള്ള പക്ഷം അനുബന്ധരേഖകളുടെ പകർപ്പുകൾ സഹിതം 30-01-2010-നു മുമ്പായി പരീക്ഷാവിഭാഗം ജോയിന്റ് ഡയറക്ടറെ അറിയിക്കേണ്ടതാണ്.

തിരുത്തലിനുള്ള എല്ലാ അപേക്ഷകളിലും സ്കൂൾ കോഡ്, വിദ്യാർത്ഥിയുടെ നോമിനൽ റോളിലുള്ള അഡ്മിഷൻ നമ്പർ, രജിസ്റ്റർ നമ്പർ, പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. അവ്യക്തവും ബന്ധപ്പെട്ട രേഖകളുടെ പിൻബലമില്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ചോദ്യപേപ്പർ – കോഡ് സ്റ്റേറ്റ്മെന്റ്

2010 മാർച്ച് ഒന്നും രണ്ടും വർഷ പരീക്ഷയുടെ ചോദ്യപേപ്പർ – കോഡ് സ്റ്റേറ്റ്മെന്റുകൾ ഇതോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും അവരവരുടെ സ്കൂളിന്റെ സ്റ്റേറ്റ്മെന്റ് ഡൗൺലോഡ് ചെയ്തെടുത്ത് പരിശോധിക്കേണ്ടതാണ്. ആവശ്യമായ ചോദ്യപേപ്പറുകളുടെ എണ്ണത്തിൽ കുറവുള്ള പക്ഷം ഹയർ സെക്കന്ററി പരീക്ഷാവിഭാഗം ജോയിന്റ് ഡയറക്ടറെ 'jdexamdhse @ gmail.com' എന്ന e-mail വിലാസത്തിൽ 25–01–2010–നു മുമ്പായി താഴെക്കൊടുത്തിട്ടുള്ള രീതിയിൽ അറിയിക്കേണ്ടതാണ്.

**Request for correction in the Question paper requirement statement**

| Scheme | Sl. No. | Code No. | Subject | Existing Nos. | Required Nos. | Remarks |
|---|---|---|---|---|---|---|
| | | | | | | |

**Sd/-**
**Name of Principal**

ഒപ്പ്/ –
സെക്രട്ടറി,
ബോർഡ് ഓഫ് ഹയർ സെക്കന്ററി എക്സാമിനേഷൻസ്,
കേരള.